**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1836** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി. സി. ബസുകളിലെ കോവിഡ് പ്രോട്ടോക്കോൾ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കൊവിഡ് മഹാമാരിയിൽ നിന്നും ജനങ്ങളെ രക്ഷിക്കാനായി സംസ്ഥാന സർക്കാർ ഇറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഗതാഗത വകുപ്പിനും ബാധകമായിരുന്നോ; എങ്കിൽ അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രത്യേക സംവിധാനം ഏർപ്പാടാക്കിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | കൊവിഡ് മഹാമാരിയെ തുടർന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കെ.എസ്.ആർ.ടി.സി പൂർണ്ണമായും പാലിച്ചിട്ടുണ്ട്. കൊവിഡ് മഹാമാരിയെ തുടർന്ന് സമ്പൂർണ്ണ അടച്ചിടൽ പ്രഖ്യാപിച്ചതിനെ തുടർന്ന് 22.03.2020 മുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകളും സർക്കാർ നിർദ്ദേശപ്രകാരം പൂർണ്ണമായും നിർത്തി വച്ചിരുന്നു. എന്നാൽ രോഗവ്യാപന തീവ്രത കുറഞ്ഞതിനെ തുടർന്ന് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഘട്ടംഘട്ടമായി പുനരാരംഭിച്ചിട്ടുണ്ട്. 20.5.2020 മുതൽ ജില്ലാടിസ്ഥാനത്തിൽ കർശന സാമൂഹ്യ അകലവും മാസ്ക്, സാനിറ്റൈസർ പോലുള്ള സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിച്ചു കൊണ്ടാണ് സർക്കാർ നിർദ്ദേശപ്രകാരം സർവ്വീസുകൾ ആരംഭിച്ചിരുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇരുന്ന് യാത്ര ചെയ്യുന്ന യാത്രക്കാർ തമ്മിലുള്ള സാമൂഹ്യ അകലം എത്രയെന്നു വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ മുഴുവൻ സീറ്റുകളിലും യാത്രക്കാരെ അനുവദിക്കുന്നതിൽ 03.06.2020 മുതൽ ഉത്തരവ് നൽകിയിട്ടുണ്ട്. കൊവിഡ്കാല മറ്റു സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് ടി സർവ്വീസുകൾ നടത്തി വരുന്നത്. സീറ്റുകളിൽ യാത്രക്കാർ ഇരിക്കുന്നതിൽ സാമൂഹ്യ അകലം നിഷ്കർഷിച്ചിട്ടില്ല. |
| (സി) | പൊതുഗതാഗത സർവ്വീസായ റെയിൽവേ സാമൂഹ്യ അകലം കർശനമായി പാലിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇത് നടപ്പാക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | രോഗവ്യാപനത്തിന് മുഖ്യ കാരണമായ സാമൂഹ്യ അകലം പാലിക്കാതെ യാത്രക്കാരെ ചേർത്ത് | (ഡി) | പൂർണ്ണമായും കർശന നിയന്ത്രണങ്ങളും സാമൂഹിക സുരക്ഷിതത്വവും ഉറപ്പ് വരുത്തി മാത്രമാണ് |

| | | | |
|---|---|---|---|
| | ഇരുത്തി സർവ്വീസ് നടത്തുന്ന രീതി കോവിഡ് ഭീതി അവസാനിക്കുംവരെയെങ്കിലും ഒഴിവാക്കുമോ; | | കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിരുന്നത്. കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തിയത് കൊവിഡ് രോഗ വ്യാപനം കൂടുവാൻ കാരണമായി എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ കഴിയുകയില്ല. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കൊവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുള്ളത്. സർക്കാർ കാലാ കാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനഃരാരംഭിച്ചിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത് സംബന്ധിച്ച നടപടികൾ പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണനയില്ലാത്തതാണ്. |
| (ഇ) | ബസ്സുകളിൽ യാത്രക്കാർക്ക് ഇരുന്നു മാത്രം യാത്ര ചെയ്യാൻ അനുമതി നൽകുന്ന രീതി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് കോവിഡ് ഭീതി ഒഴിവായി എന്നതിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ; | (ഇ) | പൂർണ്ണമായും കർശന നിയന്ത്രണങ്ങളും സാമൂഹിക സുരക്ഷിതത്വവും ഉറപ്പ് വരുത്തി മാത്രമാണ് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിരുന്നത്. കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തിയത് കൊവിഡ് രോഗ വ്യാപനം കൂടുവാൻ കാരണമായി എന്ന നിഗമനത്തിൽ എത്തിച്ചേരുവാൻ കഴിയുകയില്ല. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കൊവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഘട്ടം ഘട്ടമായി ആരംഭിച്ചിട്ടുള്ളത്. സർക്കാർ വിവിധ കാലയളവുകളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനഃരാരംഭിച്ചിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നത് സംബന്ധിച്ച നടപടികൾ പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണനയില്ലാത്തതാണ്. |
| (എഫ്) | കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ കോവിഡ് മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (എഫ്) | സർക്കാർ ഉത്തരവുകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി സർവ്വീസുകൾ പുനരാരംഭിച്ചിട്ടുള്ളത്. ജനങ്ങളുടെ യാത്രാവശ്യവും കെ.എസ്.ആർ.ടി.സി.യുടെ താൽപര്യങ്ങളും ഉറപ്പ് വരുത്തിയാണ് സർവ്വീസുകൾ ക്രമീകരിച്ചിട്ടുള്ളത്. ശ്രീ.സി.വി.രാജേന്ദ്രൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, |

| | | | |
|---|---|---|---|
| | | | (കോഴിക്കോട് സോണൽ) ടിയാന്റെ ജോലിസ്ഥലമായ കോഴിക്കോട്ട് നിന്നും തിരുവനന്തപുരത്തേക്കും, ശ്രീ.എം.റ്റി. സുകുമാരൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, (എറണാകുളം സോണൽ) ടിയാന്റെ ജോലിസ്ഥലമായ എറണാകുളത്ത് നിന്ന് തിരുവനന്തപുരത്തേക്കും 24.3.2020 തീയതി യാത്രചെയ്തു എന്ന് കാണിച്ച് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥരോട് വിശദീകരണം തേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ